"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമവകുപ്പ് ജീവനക്കാര്യം - ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് II തസ്തികയിൽ നിയമനം ലഭിച്ച ശ്രീമതി നീതു കുമാർ-ന് അടിയന്തരമായി ജോലിയിൽ പ്രവേശിക്കാൻ നിർദ്ദേശം നൽകി, O.A (EKM) No. 1864/2025നമ്പർ കേസിൽ ബഹു. ട്രൈബ്യൂണൽ 09.01.2026-ൽ പുറപ്പെടുവിച്ച ഉത്തരവ് അനുപാലനം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്**

**സ.ഉ.(സാധാ) നം.355/2026/H&FWD തീയതി,തിരുവനന്തപുരം, 29-01-2026**

---

പരാമർശം:-

1. സ.ഉ (അ) നം. 15/2020/ഉ.ഭ.പ.വ തീയതി 28/10/2020
2. എറണാകുളം ജില്ല മെഡിക്കൽ ഓഫീസറുടെ 21/10/2025 തീയതിയിലെ DMOH- EKM/1874/2023എ 7 ഉത്തരവ്
3. എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസറുടെ 10/11/2025 തീയതിയിലെ ജി.മെ.ഓ(എറണാകുളം)/1874/2023-എ7 ഉത്തരവ്
4. ശ്രീമതി.നീതുകുമാർ സമർപ്പിച്ച 15/12/2025,22/12/2025 തീയതികളിലെ നിവേദനങ്ങൾ
5. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA[EKM]-1864/2025 നമ്പർ കേസിന്റെ 09/01/2026 തീയതിയിലെ ഇടക്കാല ഉത്തരവ്.
6. ആരോഗ്യവകുപ്പ് ഡയറക്ടറുടെ 23/01/2026 തീയതിയിലെ DHS/498/2026-FWA4 നമ്പർ കത്ത്

**ഉത്തരവ്**

ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് II തസ്തികയിൽ നിയമനം ലഭിച്ച തനിക്ക് ജോലിയിൽ പ്രവേശിക്കുന്നതിന് സമയം നീട്ടി നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ശ്രീമതി.നീതുകുമാർ പരാമർശം(4) പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്നു.

2. ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് II തസ്തികയിൽ, എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസിൽ നിന്നും നിയമന ലഭിച്ച തന്റെ S.S.L.C ബുക്ക് യാത്രയ്ക്കിടെ നഷ്ടപ്പെട്ടുപോയി എന്നും 04/11/2025 തീയതിയിൽ എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസിൽ അറിയിച്ചതിനെ തുടർന്ന് 45 ദിവസം (04/12/2025 തീയതി വരെ) സമയം നീട്ടി തന്നിരുന്നു എന്നും Duplicate S.S.L.C ബുക്കിന് പരീക്ഷാ ഭവനിൽ അപേക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് നാളിതുവരെ ലഭ്യമാകാത്ത സാഹചര്യത്തിൽ, 04/12/2025 തീയതി മുതൽ 45 ദിവസത്തേക്ക് കൂടി ജോലിയിൽ പ്രവേശിക്കുന്നതിന് സമയം നീട്ടി നൽകണമെന്നാണ് ടി യാൾ അപേക്ഷിച്ചിരുന്നത്.

3. Junior Public Health Nurse Nurse Grade II തസ്തികയിലേക്ക് പി.എസ്.സി നടത്തിയ ജില്ലാതല റിക്രൂട്ട്മെന്റിനെത്തുടർന്ന് എറണാകുളം ജില്ല പി.എസ്.സി 10/09/2025- ൽ അഡ്വൈസ് ചെയ്ത ശ്രീമതി നീതു കുമാർ- ന്, എറണാകുളം ജില്ല മെഡിക്കൽ ഓഫീസറുടെ പരാമർശം (2) ഉത്തരവ് പ്രകാരം നിയമനം ലഭിച്ചു. S.S.L.C സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടതിനാൽ ശ്രീമതി നീതു കുമാർ, പ്രവേശന സമയം

ദീർഘിപ്പിക്കുന്നതിനായി അപേക്ഷ സമർപ്പിക്കുകയും തുടർന്ന് പരാമർശം (1) ഉത്തരവിലെ ക്ലോസ് 3 (ii) പ്രകാരം 45 ദിവസം എറണാകുളം ജില്ല മെഡിക്കൽ ഓഫീസർ, പരാമർശം(3) ഉത്തരവ് പ്രകാരം 21.10.2025 മുതൽ 04.12.2025 വരെ 45 ദിവസത്തേക്ക് പ്രവേശന സമയം ദീർഘിപ്പിച്ച് നൽകുകയും ചെയ്തു. എറണാകുളം ഡി എം ഒ-യുടെ ഈ നടപടി, പരാമർശം 1-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, ക്രമപ്രകാരമല്ല.

4. ടി ജോയിനിംഗ് ടൈം എക്സ്റ്റൻഷൻ കാലാവധി 04.12.2025 തീയതിയിൽ അവസാനിക്കുകയും 45 ദിവസം കഴിഞ്ഞിട്ടും എസ്.എസ്.എൽ.സി. ബുക്കിന്റെ ഡ്യൂപ്ലിക്കേറ്റ് ലഭിക്കാത്തതിനാൽ വീണ്ടും 45 ദിവസത്തെ ജോയിനിംഗ് ടൈം എക്സ്റ്റൻഷൻ ആവശ്യപ്പെട്ടു കൊണ്ട് 10.12.2025ൽ അപേക്ഷ സമർപ്പിച്ചതായും കാണുന്നു. പിന്നീട് ജോയിനിംഗ് ടൈം എക്സ്റ്റൻഷൻ ആവശ്യമില്ലെന്നും ടിയാളുടെ ഒഴിവ് NJD ആയി റിപ്പോർട്ട് ചെയ്തു കൊള്ളുവാനും 10.12.2025 തീയതിയിലെ അപേക്ഷ പരിഗണിക്കേണ്ടതില്ല എന്നും അറിയിച്ചു കൊണ്ട് മെയിൽ മുഖേന 12.12.2025-ൽ കത്ത് ലഭ്യമാക്കിയിരുന്നു. എന്നാൽ 13.12.2025 തീയതിയിൽ വീണ്ടും തനിക്ക് ഈ ജോലി ആവശ്യമാണ് എന്നും 45 ദിവസത്തെ ജോയിനിംഗ് ടൈം എക്സ്റ്റൻഷൻ അപേക്ഷ പരിഗണിക്കണം എന്നും അറിയിച്ചു മെയിൽ അയച്ചിട്ടുണ്ട്. 45 ദിവസത്തിൽ കൂടുതൽ ജോയിനിംഗ് ടൈം എക്സ്റ്റൻഷൻ സർക്കാരിൽ നിന്ന് മാത്രമേ ലഭ്യമാകൂ എന്നുള്ള വിവരം ഉദ്യോഗാർത്ഥിയെ അറിയിച്ചിട്ടുള്ളതാണ് എന്നും ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. തന്റെ നിയമനം റദ്ദാക്കരുതെന്ന് അഭ്യർത്ഥിച്ച് ശ്രീമതി നീതു കുമാർ, ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ OA[EKM]-1864/2025 നമ്പറായി കേസ് ഫയൽ ചെയ്യുകയും പ്രസ്തുത കേസിന്റെ പരാമർശം പ്രകാരമുള്ള ഉത്തരവിൽ ഒന്നാം എതിർ കക്ഷിയായ സർക്കാർ ടിയാളുടെ Annexures A8, Annexures A9 നിവേദനങ്ങൾ പരിഗണിച്ച് ഉചിതമായ ഉത്തരവുകൾ രണ്ടാഴ്ചക്കകം പുറപ്പെടുവിക്കണമെന്നും അപേക്ഷകയെ നിയമിച്ച ഒഴിവ് NJD ആയി പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യരുതെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

6. ബഹു.കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ നിർദ്ദേശം, ആരോഗ്യ വകുപ്പ് ഡയറക്ടർ, എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസർ എന്നിവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാരിൽ വിശദമായി പരിശോധിച്ചു. ഈ ഉത്തരവ് കൈപ്പറ്റി 10 ദിവസത്തിനകം ജോലിയിൽ പ്രവേശിക്കാൻ അപേക്ഷകയായ ശ്രീമതി നീതു കുമാർ-ന് നിർദ്ദേശം നൽകികൊണ്ടും O.A (EKM) No. 1864/2025 നമ്പർ കേസിൽ ബഹു. ട്രൈബ്യൂണൽ 09.01.2026- ൽ പുറപ്പെടുവിച്ച ഉത്തരവ് അനുപാലനം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീകല ആർ
അണ്ടർ സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ശ്രീമതി. നീതു കുമാർ., വേലത്തുപറമ്പിൽ, പൊന്നാരിമംഗലം., മുളവുകാട്പി.ഓ എറണാകുളം പിൻ - 682504
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), എറണാകുളം(ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന )
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ.(C1/186 /2025/H&FWD)

ഉത്തരവിൻ പ്രകാരം

Signed by
Prijith. G
Date: 29-01-2026 16:49:54

സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു.ആരോഗ്യവും വനിതാ ശിശു വികസനവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്